I ഇ.ബി. XIII-കേരള നിയമസഭ/XII-8

# പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

# **നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 10, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## **അടിയന്തരപ്രമേയം**

### **അഴിമതിയാരോപണം**

മി. ഡെപ്യൂട്ടി സ്പീക്കർ: അഴിമതി ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ നേരത്തെ ചെയറിന് എഴുതി നൽകണമെന്നും അതിന്റെ പകർപ്പ് ബന്ധപ്പെട്ട മന്ത്രിക്ക് നൽകണമെന്നുമുള്ള ചട്ടവും കീഴ്വഴക്കങ്ങളും പാലിക്കപ്പെടാതെ പോകുന്നത് ശരിയല്ല. ആരോപണം ഉന്നയിക്കുമ്പോൾ ബന്ധപ്പെട്ട മന്ത്രിക്ക്

അതു സംബന്ധിച്ച് അന്വേഷിച്ച് സഭയിൽ മറുപടി പറയുന്നതിനുള്ള സൗകര്യം നൽകണം. കേരള നിയമസഭയുടെ ഉന്നതനിലവാരം കാത്തുസൂക്ഷിക്കാൻ എല്ലാ അംഗങ്ങളും ശ്രദ്ധിക്കണമെന്ന് ചെയർ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽ അഴിമതി നടക്കുകയാണെന്നും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട മൂന്നംഗങ്ങൾ അഴിമതിക്കാരാണെന്നും മറ്റു മന്ത്രിമാരുടേതുൾപ്പെടെ അഴിമതികൾ സംബന്ധിച്ച തെളിവുകൾ പക്കലുണ്ടെന്നുമുള്ള ഭരണകക്ഷി എം.എൽ.എ. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ വെളിപ്പെടുത്തൽ സംബന്ധിച്ചും ഇക്കാര്യം അദ്ദേഹം നേരത്തെ പ്രഖ്യാപിച്ചിട്ടും അതിന്മേൽ അന്വേഷണം ഏർപ്പെടുത്താതിരുന്നതു സംബന്ധിച്ചും ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, എ. പ്രദീപ് കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ചട്ടങ്ങൾക്ക് വിരുദ്ധമായാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇന്നലെ നിയമസഭയിൽ ആരോപണങ്ങൾ ഉന്നയിച്ചത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ

മൂന്നംഗങ്ങൾ അഴിമതിക്കാരാണെന്നും അഴിമതി നടക്കുന്നുവെന്നുമുള്ള ആരോപണങ്ങൾ ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ചിട്ടുണ്ട്. അഴിമതിക്കുള്ള സാധ്യതകൾ താഴെത്തലം മുതൽ ഒഴിവാക്കി ഇ-ടെണ്ടർ, ഇ-പേമെന്റ് എന്നിവ നടപ്പിലാക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുകൊണ്ട് സുതാര്യമായാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. അഴിമതി നടത്തുന്ന ഒരാളെയും സർക്കാർ സംരക്ഷിക്കില്ല. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുകയും അന്വേഷണം നടന്നുകൊണ്ടിരിക്കുകയുമാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ഈ വിഷയം സംബന്ധിച്ച പരാതി എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. ഇന്നലെ ചട്ടപ്രകാരം അഴിമതി ആരോപണം ഉന്നയിക്കുന്നതിന് പ്രതിപക്ഷത്തിന് അവസരം ലഭിച്ചിട്ടും അത് ഉപയോഗിക്കാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തത്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: തെറ്റ് ചെയ്യുന്നവരെ സംരക്ഷിക്കുന്ന നയമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ലോക അഴിമതി വിരുദ്ധദിനത്തിൽ ഒരു ഭരണകക്ഷി അംഗംതന്നെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമായി ഭരണകക്ഷി മന്ത്രിമാർക്കെതിരെ ആരോപണമുന്നയിക്കുന്ന

അസാധാരണ സംഭവമാണ് ഇന്നലെ നിയമസഭയിലുണ്ടായത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടില്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാദം തികച്ചും സത്യവിരുദ്ധമാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താതിരിക്കുന്നതിന്റെ അർത്ഥം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും അഴിമതിക്ക് കൂട്ടുനിൽക്കുന്നവരാണെന്നാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തന്റെ മണ്ഡലത്തിന്റെ കാര്യത്തിൽ സ്വജനപക്ഷപാതം കാട്ടിയെന്നും ടെണ്ടറുകളിൽ ഗുരുതരമായ ക്രമക്കേടുകൾ നടത്തിയെന്നും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട മൂന്നംഗങ്ങൾ അഴിമതിക്കാരാണെന്നുമുള്ള ആരോപണങ്ങൾ ഇന്നലെ നിയമസഭയിൽ ഉന്നയിക്കുകയുണ്ടായി. അതിൽ ഒരാൾക്കെതിരെ പൊതുമരാമത്ത് വകുപ്പിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണം നടത്തുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കണമെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. ഈ മന്ത്രിസഭയിലെ മിക്ക മന്ത്രിമാർക്കെതിരെയും അഴിമതി ആരോപണം ഉയർന്നിട്ടുണ്ട്. ധനമന്ത്രിക്കെതിരായ വിജിലൻസ് അന്വേഷണത്തെ സ്വാധീനിക്കുന്നതിനാണ് അദ്ദേഹത്തെ അനുകൂലിച്ച് മുഖ്യമന്ത്രി പ്രസ്താവന

നടത്തിയത്. സംസ്ഥാനത്തെ ആന്റി കറപ്ഷൻ ബ്യൂറോ ഗവൺമെന്റിന്റെ താൽപ്പര്യപ്രകാരമാണ് പ്രവർത്തിക്കുന്നത്. അഴിമതി നടത്തുന്നതിനായി ഗവൺമെന്റ് ഉദ്യോഗസ്ഥരെ ദുരുപയോഗം ചെയ്യുകയാണ്. തെറ്റ് ചെയ്തവരെ ശിക്ഷിക്കാതെ ആരോപണവും പരാതിയും ഉന്നയിക്കുന്നവരെ ശിക്ഷിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ. മന്ത്രിമാരെയും അവരുടെ ഓഫീസിനെയുംപറ്റി സഭയിൽ ഉന്നയിച്ച അതീവ ഗുരുതരമായ ആരോപണം നിയമസഭാ സമിതിയെ വച്ച് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): പി.ഡബ്ല്യു.ഡി. ചീഫ് ടെക്നിക്കൽ എക്സാമിനറും ധനകാര്യ വകുപ്പും പരിശോധിച്ച് ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടിയാണ് എൻ.എച്ച്.-ന്റെ നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ചത്. റിവൈസ്ഡ് എസ്റ്റിമേറ്റും പുതിയ ഭരണാനുമതികളും നൽകുന്നതിനെക്കുറിച്ച് ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ വസ്തുതാരഹിതമാണ്. കൊല്ലം ഇരുമ്പുപാലത്തിന്റെ പണി പൂർത്തിയാക്കുകയും പാലംതന്നെ അപ്രോച്ച് റോഡാക്കാമെന്ന് തീരുമാനിക്കുകയും പരിശോധനകൾ പൂർത്തിയാക്കി സി.ടി. യുടെ

പരിഗണനയിലിരിക്കുകയുമാണ്. ഭരണ-പ്രതിപക്ഷ എം.എൽ.എ.മാർ ആവശ്യപ്പെട്ട പ്രവൃത്തികളെല്ലാം ചെയ്യുകയും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയുമാണ്. 2006 മുതൽ 2014 വരെ കൊടുത്തിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ മുഴുവൻ കണക്കും എന്റെ കയ്യിലുണ്ട്. ഞാനത് മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കുന്നതാണ്. ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് അന്വേഷണം നടത്തി ക്ലിയറൻസ് കിട്ടിയതിനുശേഷമാണ് പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാളെ തിരിച്ചെടുത്തിട്ടുള്ളത്. അദ്ദേഹത്തിനെതിരെയും മറ്റ് രണ്ട് പേർക്കെതിരെയും ഉന്നയിച്ച ആരോപണങ്ങളെല്ലാം നിഷേധിക്കുന്നു. അനാവശ്യമായ ആരോപണങ്ങളുന്നയിച്ച് സംസ്ഥാനത്ത് വികസനമുരടിപ്പുണ്ടാക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ ഉന്നയിച്ച ആരോപണങ്ങളല്ലാതെ മറ്റൊന്നും പരാമർശിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. ഇവിടെ മൂന്ന് പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെക്കുറിച്ച് പറഞ്ഞതിൽ രണ്ടുപേർക്കെതിരെ ഇതുവരെ ഒരു പരാതിയും ഉണ്ടായിട്ടില്ല. മറ്റൊരാൾക്കെതിരെ ഊമക്കത്തിന്റെ

അടിസ്ഥാനത്തിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെൽ എസ്.പി. ഓഫീസ് മുഖാന്തിരം അന്വേഷണം നടത്തുകയും അദ്ദേഹം അനധികൃത സ്വത്ത് സമ്പാദനം നടത്തിയതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് റിപ്പോർട്ട് ചെയ്തിരിക്കുകയുമാണ്. ഈ സർക്കാർ കുറ്റക്കാരായവരെ സംരക്ഷിക്കുകയോ നിരപരാധികളെ ശിക്ഷിക്കുകയോ ചെയ്യുകയില്ല. ബഡ്ജറ്റ് അലോക്കേഷനെക്കാൾ അഞ്ചിരട്ടിയിലധികം തുക ചെലവഴിച്ച പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ തോത് കണക്കാക്കി അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നത് പരിതാപകരമാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ഭരണകക്ഷിയിലെ ഒരംഗം പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിലെ മൂന്ന് ഉദ്യോഗസ്ഥരെക്കുറിച്ച് ഉന്നയിച്ച ആക്ഷേപങ്ങൾ സംബന്ധിച്ച് നിയമസഭാ സമിതി അന്വേഷിക്കണമെന്ന ആവശ്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കണം. 1996 മുതലുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സമാനമായ എന്തെങ്കിലും

ആക്ഷേപം ഉണ്ടെങ്കിൽ അതും ഈ സമിതിയുടെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇവിടെ ഇന്നലെ ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തര പ്രമേയത്തിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളെ സംബന്ധിച്ചും സർക്കാർ മറുപടി നൽകിക്കഴിഞ്ഞു.

(സഭയിൽ ഉന്നയിച്ച ആരോപണങ്ങൾ ഒരു പ്രത്യേക നിയമസഭാ സമിതി രൂപീകരിച്ച് അന്വേഷിക്കണമെന്ന ആവശ്യത്തിന്മേൽ മുഖ്യമന്ത്രി മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## ശ്രദ്ധക്ഷണിക്കൽ

### (1) കോൾകൃഷി വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ: അമ്പതിനായിരത്തോളം നെൽ കർഷകരെ ബാധിക്കുന്നതും തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നതുമായ കോൾ നിലങ്ങളിൽ സമഗ്ര വികസന പദ്ധതി നടപ്പാക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കോൾ നിലങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച

വികസന പദ്ധതികൾ നിശ്ചലാവസ്ഥയിലായത് കർഷകരെ നിരാശയിലാഴ്ത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും രണ്ടാംഘട്ടത്തിനുള്ള പദ്ധതി സമർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു.

ശ്രീ. പി. എ. മാധവൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ചു.

(ശ്രീ. എസ്. രാജേന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിയമസഭാ നടപടികൾ നടത്തിക്കൊണ്ടു പോകാനുള്ള ഉത്തരവാദിത്വം ചെയറിനുള്ളതിനാൽ കാര്യ വിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയാണ്. സബ്മിഷനുകൾ റദ്ദ് ചെയ്യുന്നു.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല.)

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള

മത്സ്യവിത്ത് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: കേന്ദ്ര സർക്കാർ 2014 നവംബറിൽ മത്സ്യവിത്ത് സർട്ടിഫിക്കേഷൻ ആന്റ് അക്രഡിറ്റേഷൻ സമ്പ്രദായം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചതിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു നിയമത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടത്. മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഒരു പ്രത്യേക ആക്ട് കൊണ്ടുവരുന്ന കാര്യം സഭയിൽ ഉറപ്പുനൽകിയിരുന്നതുമാണ്. നിലവിലുള്ള മത്സ്യവിത്ത് ഫാമുകൾക്കും ഹാച്ചറികൾക്കും ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള രജിസ്ട്രേഷനും ലൈസൻസും എടുക്കുന്നതിന് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ മൂന്നു മാസത്തെ സമയപരിധി അനുവദിച്ചുകൊടുക്കേണ്ടത് ആവശ്യമാണെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബില്ലിലെ 15-ഉം 16-ഉം വകുപ്പുകളിൽ ആവശ്യമായ ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബിൽപ്രകാരം മത്സ്യവിത്ത്

ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനും മത്സ്യവിത്ത് ഫാമുകൾക്കും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നൽകുന്നതിനുമായി സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു മത്സ്യവിത്ത് സെന്റർ കൊണ്ടുവരുന്നതാണ്. മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറികളുടെയും രജിസ്ട്രേഷനും മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തലും സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് ഉപദേശം നൽകുന്നതിനായി ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

<u>ശ്രീ. റ്റി.എ. അഹമ്മദ് കബീർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മത്സ്യ വിത്ത് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

146. ഖണ്ഡം 2 (ജി)-ൽ , "കുളങ്ങളിലോ " എന്നത് " കുളത്തിലോ" എന്നാക്കുക.

162.ഖണ്ഡം 2 (ഐ) (i)-യിൽ , "വലിയ ചിറകുകളുള്ള മത്സ്യങ്ങൾപോലെ വളർത്തത്തക്ക " എന്നീ വാക്കുകൾ ഒഴിവാക്കുക

131, 132, 133, 135 136, 138, 143, 144, 147, 148, 150, 152, 156, 157, 158, 160, 168, 170,174, 176,180, 181, 184, 185, 192, 195, 198, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

179-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗികമായി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2 (ഒ)-ൽ , "വലിയ " എന്ന വാക്കിനു പകരം "വലിയതും ചെറുതുമായ" എന്നീ വാക്കുകൾ ചേർക്കുക എന്ന ഭേദഗതിയിലെ "വലിയ" എന്ന വാക്ക് ഒഴിവാക്കി അവതരിപ്പിക്കുന്നു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

181. ഖണ്ഡം 2 (ഒ) -യിൽ, "ജലജീവികളുടെയും " എന്നതിനു പകരം "ജലജീവികളുടെയോ" എന്നും " ജലസസ്യങ്ങളുടെയും"എന്നതിനുപകരം

" ജലസസ്യങ്ങളുടെയോ" എന്നും ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി

നാലാം <u>വകുപ്പ്</u>

210, 211, 212, 215, 216, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

215. ഖണ്ഡം 4 (സി) -യിൽ, "നിലവാരം " എന്ന വാക്കിനുപകരം "ഉണനിലവാരം " എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഭേദഗതികളോടെ അവതരിപ്പിച്ചു.

229. ഖണ്ഡം 5 (1) (iv)-ൽ, "ഹാച്ചറി പ്രവർത്തകരെ " എന്നീ വാക്കുകൾക്കുപകരം "ഹാച്ചറി നടത്തിപ്പുകാരെ " എന്ന വാക്കുകൾ ചേർക്കുക.

222, 224, 237, 241, 245,246, 252,253, 255, 256, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

256 . ഖണ്ഡം 5 (4)(എ)-യിൽ , "കോറം" എന്ന വാക്കിന് പകരം "ക്വാറം" എന്ന വാക്ക് ചേർക്കുക

260. ഖണ്ഡം 5 (4) (ബി)-യിൽ "പ്രവൃത്തികൾ " എന്ന വാക്കിന് പകരം " പ്രവൃത്തികളും പദ്ധതികളും " എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>ആറാം വകുപ്പ്</u>

262, 264, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

264. ഖണ്ഡം 6(2)-ൽ "വളർത്തലിനും" എന്ന വാക്കിനുപകരം "വളർത്തലും" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

276, 280 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

287. ഖണ്ഡം 8(എ)-യിൽ "ഉപദേശം നൽകുക" എന്നീ വാക്കുകൾക്കുപകരം "യഥാസമയം റിപ്പോർട്ടുകൾ നൽകുക" എന്നീ വാക്കുകൾ ചേർക്കുക.

283, 285, 286 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

293, 297, 302, 303, 313, 318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

321, 322, 325, 326 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

328, 331, 333 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

331. ഖണ്ഡം 11(2)-ൽ "പരീക്ഷണശാലകളെ" എന്ന വാക്കിനുമുമ്പ് "മത്സ്യവിത്ത് " എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

342, 344 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

344. ഖണ്ഡം 14(ബി)-യിൽ "വിപണനമോ" എന്ന വാക്കിന് ശേഷം "സംഭരണമോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

352. ഖണ്ഡം 15(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പറയുവാൻ" എന്നതിനുപകരം "ബോധിപ്പിക്കുവാൻ" എന്ന് ചേർക്കുക.

345, 349, 350, 353, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

353. ഖണ്ഡം 15(4)-ൽ "കേന്ദ്രം അത് ആവശ്യമാണെന്ന് കരുതുന്നിടത്ത്" എന്നീ വാക്കുകൾക്കുപകരം "കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത" എന്നീ വാക്കുകൾ ചേർക്കുക.

355. ഖണ്ഡം 15(4)-ൽ "ഉറസ്സായ സ്ഥലത്ത്" എന്നതിനുപകരം "പ്രവേശന കവാടത്തിൽ " എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

359, 373, 374, 376, 378 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

381, 382, 383, 384, 385, 387, 390, 391, 393, 395 എന്നീ

നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതികളോടെ സ്വീകരിച്ചു.

385. “അപേക്ഷ വീണ്ടും അഞ്ചുവർഷ കാലയളവിലേയ്ക്ക് മാത്രമെ” എന്ന വാക്കുകൾക്കുപകരം "അപേക്ഷ ഓരോ അഞ്ച് വർഷകാലയളവിലേയ്ക്ക് മാത്രമെ” എന്ന വാക്കുകൾ ചേർക്കാവുന്നതാണ്.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സ്വീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

399-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

403, 405, 406, 408, 411, 412, 413, 415, 416 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

418, 421, 422 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

425-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

430, 431, 435 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു:

430. ഖണ്ഡം 23(1)(എ)-യിൽ "ഒരു രേഖാമൂലമായ " എന്നീ വാക്കുകൾക്ക് പകരം " രേഖാമൂലമായ ഒരു " എന്നീ വാക്കുകൾ ചേർക്കുക.

435. ഖണ്ഡം 23(5)-ൽ " പിടിച്ചെടുക്കുന്നിടത്ത് " എന്ന വാക്കിന് ശേഷം " ബന്ധപ്പെട്ടവർക്ക് രസീത് നൽകേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

437, 438 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഇരുപത്തി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി ആറാം വകുപ്പ്</u>

441-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി ഏഴാം വകുപ്പ്</u>

444-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി എട്ടാം വകുപ്പ്</u>

449-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിഒൻപതാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു:

501. ഖണ്ഡം 29-ൽ " അപ്പീൽ അധികാരിയായി" എന്ന വാക്കുകൾക്കുപകരം " അപ്പലേറ്റ് അധികാരിയായി" എന്നീ വാക്കുകൾ ചേർക്കുക.

451, 452, 454 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിഒന്നാം വകുപ്പ്</u>

458, 460, 468, 469 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

469. ഖണ്ഡം 31(1)(ഡി)-യിൽ, "പിന്നീടുള്ള " എന്ന വാക്കിന് പകരം " പിന്നീടും" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു:

481. ഖണ്ഡം 32(3)-ൽ "അപ്പീൽ അധികാരി" എന്നതിന് പകരം "അപ്പലേറ്റ് അധികാരി" എന്നു ചേർക്കുക.

476-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി  സഭ അംഗീകരിച്ചു.

476-ാം  നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തി രണ്ടാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു:

500. (I) 33-ാം ഖണ്ഡത്തിലെ മാർജിനൽ ശീർഷകത്തിലെ " അപ്പീൽ അധികാരിയുടെയും" എന്ന വാക്കുകൾക്കുപകരം " അപ്പലേറ്റ് അധികാരിയുടെയും " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) 33-ാം ഖണ്ഡം (I)ാം ഉപഖണ്ഡത്തിലെ " അപ്പീൽ അധികാരികൾക്കും" എന്ന വാക്കുകൾക്കുപകരം " അപ്പലേറ്റ് അധികാരികൾക്കും " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

487-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

487-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിനാലാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയഞ്ചാം വകുപ്പ്

492-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയേഴാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

494, 496, 497 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

499-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

(ഭേദഗതിയില്ല)

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

109, 110, 112, 113, 115, 117, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ.</u>

ബാബു): 2014-ലെ കേരള മത്സ്യവിത്ത് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള മത്സ്യവിത്ത് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(2) 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ,

ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രചെയ്യുന്നവർക്ക് ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യാം.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്,

യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 11.23-ന് പിരിഞ്ഞു.

***************